# സമസ്ത കേരള കൊതുമഹായോഗം

സഞ്ജയൻ



സമസ്ത കേരള കൊതുമഹായോഗം

സഞ്ജയൻ

(മലയാളം: ലേഖനം)

© 2022, Sanjayan.

These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: A Young Lady's Adventure, a painting by Paul Klee (1879–1940). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# സമസ്ത കേരള കൊതുമഹായോഗം

ചാലപ്പുറം, ഡിസംബർ 25

സമസ്തകേരള കൊതുമഹായോഗത്തിന്റെ പ്രഥമസമ്മേളനം ഡിസംബർ 24-ന്ന തിങ്കളാഴ്ച രാത്രി പതിനൊന്നു മണിക്കു ചാലപ്പുറം ഗേൾസ് സ്ക്കൂളിന്റെ സമീപമുള്ള ഒഴിഞ്ഞ സ്ഥലത്തുവെച്ച്, ദംശൻബഹദൂർ പെരുങ്കൊതു അവർകളുടെ അദ്ധ്യക്ഷത്തിൽ സമ്മേളിച്ചു.

യോഗത്തിൽ ആകെ പത്തു ലക്ഷത്തിൽപ്പരം കൊതുക്കൾ പങ്കുകൊണ്ടിരുന്നു. സ്വീകരണസംഘാദ്ധ്യക്ഷൻ മി. ചെങ്കൊതു അദ്ധ്യക്ഷനേയും പാർട്ടിയേയും എതിരേറ്റ് ആഘോഷസമേതം സമ്മേളനസ്ഥലത്തേക്ക് ആനയിച്ചു. ഒരു വലിയ വൈക്കോൽക്കുമ്പാരത്തിന്റെ ഒത്ത മൂർദ്ധാവിൽ എറിച്ചുനിന്നിരുന്ന ഒരു പുൽക്കൊടിയായിരുന്നു അദ്ധ്യക്ഷപീഠം. മി. പെരുങ്കൊതു അതിന്മേൽ ചെന്നിരുന്നതോടുകൂടി വരയ്ക്കൽ മുതൽ കല്ലായിവരേയും, കടപ്പുറം മുതൽ ചേവായൂർ വരെയുമുള്ള സർവനിവാസികളേയും ഭയാകുലരാക്കിത്തീർത്ത ഒരു ഗംഭീരമുളക്കം സദസ്സിൽനിന്ന് മുഴങ്ങിപ്പൊങ്ങി നക്ഷത്രങ്ങളുടെ പുറമതിലുകളോടു ചെന്നടിച്ചു മാറ്റൊലിക്കൊണ്ടു.

# യോഗനടപടികൾ

ഇരുപതു കൊച്ചു കൊതുബാലികമാരുടെ താളമില്ലെങ്കിലും ശ്രുതിപ്പിഴയില്ലാത്ത പ്രാർത്ഥനാഗീതത്തിനുശേഷം സ്വാഗതസംഘാദ്ധ്യക്ഷൻ താനിരുന്നിരുന്ന ചാണകക്കുന്നിൽനിന്ന് പൊങ്ങിപ്പറന്ന് ഇപ്രകാരം പ്രസംഗിച്ചു:

അദ്ധ്യക്ഷപാദങ്ങളേ, കൊതുമഹിളാമണികളേ, സഹോദരന്മാരേ,

ലോകം ഉദ്ബുദ്ധമായിരിക്കുന്നു. ഇതുവരെ ജീവരാശികൾ കണ്ണുംപൂട്ടി വിശ്വസിച്ചിരുന്ന എല്ലാ വിശ്വാസങ്ങളേയും കുറിച്ച് ബുദ്ധിയും യുക്തിയുമുള്ളവർ ചോദ്യം ചെയ്തു തുടങ്ങിയിരിക്കുന്നു. 'ദൈവമുണ്ടോ? രണ്ടും രണ്ടും കൂട്ടിയാൽ നാലുതന്നെയാണോ? എന്തുകൊണ്ട് അതിനെ മൂന്നെന്നു വിളിച്ചുകൂടാ? യാതൊരു യുക്തിയുമില്ലാതെ തെങ്ങിനെ തെങ്ങെന്നും, പിലാവിനെ പിലാവെന്നും വിളിക്കേണ്ട ആവശ്യമെന്ത്? എന്നിത്തരം ചോദ്യങ്ങൾ ജീവരാശികളിൽ ഉണർന്നു പ്രവർത്തിക്കുന്ന ബുദ്ധിയുടേയും യുക്തിയുടേയും ചിഹ്നങ്ങളായി നാനാഭാഗത്തുനിന്നും കേൾക്കപ്പെടുന്നു.

സഹോദരീസഹോദരന്മാരേ! എല്ലാ സമുദായങ്ങളും സംഘടനയ്ക്കൊരുമ്പെടുന്നു. ബ്രാഹ്മണർക്കു സനാതനിസംഘങ്ങളുണ്ട്, തിയ്യർക്ക് തിയ്യർ മഹാജനസഭകളുണ്ട്; നായന്മാർക്ക് സർവീസ് സൊസൈറ്റികളുണ്ട്; അധ്യാപകന്മാർക്ക് അധ്യാപകയൂനിയനുണ്ട്. അധ്യാപികമാർക്ക് അധ്യാപികാസമാജങ്ങളുണ്ട്. ഇങ്ങനെ ഏതു സമുദായത്തിനും, ഏതു തൊഴിലുകാർക്കും, പ്രത്യേകം പ്രത്യേകം സ്ഥാപനങ്ങളുണ്ട്. അതുകൊണ്ട് അവർക്കു ഗുണങ്ങളുമുണ്ട്. ഞാൻ പറയുന്നതു നമുക്കും ഒരു സൊസൈറ്റിയും സംഘടനയും വേണമെന്നാണ്. നമ്മെ കൊല്ലുവാനും തീയിട്ടുചുടുവാനും മനുഷ്യർ ഉദ്യമിക്കുന്ന (ലജ്ജാവഹം?) ദൈവസൃഷ്ടിയിൽ ഒരു ഭാഗക്കാർ. അവരുടെ സുഖസൌകര്യങ്ങൾക്കുവേണ്ടി മറ്റൊരു ഭാഗക്കാരെ ദ്രോഹിക്കുന്നതിന്റെ അർത്ഥം എനിക്കു മനസ്സിലാവുന്നില്ല. (ശൂണു, ശൂണു...)

സ്വാഗതസംഘാദ്ധ്യക്ഷൻ പിന്നേയും അരമണിക്കൂറുനേരം പ്രസംഗിച്ചു. അതിനുശേഷം അച്ചടിച്ചു തയ്യാറാക്കപ്പെട്ട അദ്ധ്യക്ഷപ്രസംഗം വായിക്കപ്പെട്ടു. അതിൽ മനുഷ്യൻ കൊതുക്കളോടു പെരുമാറുന്ന രീതിയെക്കുറിച്ചു കഠിനമായി ആക്ഷേപിച്ചിരുന്നു. അദ്ദേഹം ഈ ഘട്ടത്തിൽ ഇങ്ങനെ പറഞ്ഞു: 'നാം മനുഷ്യരെ മൂളിയും കടിച്ചും ദ്രോഹിക്കുന്നതുകൊണ്ടാണത്രേ നമ്മെ കൊല്ലുന്നത്! മാന്യരേ! ഇതിലും കവിഞ്ഞ ഒരു അധികപ്രസംഗവും ധിക്കാരവും ഞാൻ ഈ വയസ്സിനകത്തു കേട്ടിട്ടില്ല. നമ്മുടെ മൂളലിനേക്കാൾ എത്രയോ അറുവഷളായ ചില സംഗീതരാക്ഷസന്മാരുടേയും കേൾക്കുമ്പോൾ ഛർദി വരുന്ന ചില ഗ്രാമഫോൺ റിക്കാഡുകളുടേയും ശബ്ദം മനുഷ്യനു കേട്ടുസഹിക്കാം! ഒരേ ശ്രുതിയിൽ അല്പവും പിഴയ്ക്കാത്ത നമ്മുടെ സ്വരം കേട്ടുകൂടപോലും! പിന്നീടുള്ള ആക്ഷേപം കടിയേക്കുറിച്ചാണ്. പലതരം കഠിനവേദനകളും ക്ഷണിച്ചുവരുത്തി അനുഭവിക്കുന്ന സ്ത്രീകളും പുരുഷന്മാരും എത്രയോ ലഘുവായ നമ്മുടെ കടിയുടെ വേദനയെക്കുറിച്ച് ആവലാതിപ്പെടുന്നതിൽ ഞാൻ അദ്ഭുതപ്പെടുന്നു.' ഇതിനുശേഷം അദ്ധ്യക്ഷൻ ഈ സംഗതിയെ പലേ ഉദാഹരണങ്ങൾ കൊണ്ടും വിശദമാക്കി.

അദ്ദേഹം ഇങ്ങനെ തുടർന്നു: 'നമ്മെ ഇക്കാര്യത്തിൽ കുറ്റപ്പെടുത്തുന്ന മനുഷ്യൻ മര്യാദക്കാരനാണോ? അവന്റെ രുചിക്കുവേണ്ടി മാത്രം—നമ്മെപ്പോലെ ജീവസന്ധാരണത്തിനല്ല—എത്ര ജീവികളെ അവൻ ദിനംപ്രതിനിർദയം വെട്ടിക്കൊല്ലുന്നു! നമ്മൾ ഒന്നോ രണ്ടോ തുള്ളി രക്തം വലിച്ചെടുക്കുന്നതു നിർദയവും പൈശാചികവുമത്രേ. ഈ സ്വാർത്ഥം കാണുമ്പോൾ ഒരു വിപ്ലവം ഉണ്ടാക്കിയാൽത്തന്നെ എന്താണു തരക്കേടെന്നു തോന്നിപ്പോകുന്നു!'

അതിനുശേഷം മലമ്പനിയുണ്ടാക്കുന്നതു തങ്ങളാണെന്നുള്ള വൈദ്യാഭിപ്രായത്തെ ദംശൻബഹദൂർജി യുക്തിസഹിതം എതിർക്കുകയും വയനാട്ടിൽ താമസിക്കുന്നവർ കൊതുവല ഉപയോഗിക്കുകയും, വെള്ളം തിളപ്പിച്ചുമാത്രം കുടിക്കുകയും ചെയ്താൽക്കൂടി അവർക്കു മലമ്പനി പിടിക്കുകയും നഗരങ്ങളിലുള്ളവരെ എത്ര കൊതു കടിച്ചാലും അവർക്കതു പിടിക്കാതിരിക്കുകയും ചെയ്യുന്നതെങ്ങനെയെന്നു ചോദിക്കുകയും ചെയ്തു. 'വാസ്തവം ഇങ്ങനെയാണ്: തലയ്ക്കു സുഖമില്ലാത്ത ഒരു ഡോക്ടർ ഒരു രോഗിയുടെ രക്തം പരിശോധിക്കുമ്പോൾ അതുവരെ കണ്ടിട്ടില്ലാത്ത എന്തെങ്കിലും ഒരു സാധനം അതിൽ കാണുന്നു. ഉടനെ അയാൾ അതുകൊണ്ടാണ് ഈ രോഗം വരുന്നതെന്ന് അനുമാനിക്കുകയുണ്ടായി. അതിനു ബാസില്ലിയെന്നോ പാരസൈറ്റെന്നോ, ജേമെന്നോ എന്തെങ്കിലും ഒരു പേരും കൊടുത്ത് പണത്തിനും പേരിനും ശ്രമിക്കുകയുണ്ടായി. അതിനുശേഷം ഇതെവിടെനിന്നു വന്നു എന്നാലോചിക്കുന്നു. എലി അധികമുള്ള ദിക്കാണെങ്കിൽ അത് എലിയിൽനിന്നാണെന്നു പറയും. അല്ലെങ്കിൽ പുലി അല്ലെങ്കിൽ കൊതു. അതുമല്ലെങ്കിൽ കുറ. അന്നു മുതൽ ഈ ജീവികളെ കൊല്ലുവാനുള്ള ശ്രമങ്ങൾ തുടങ്ങി. ഒരുകാലത്ത് ഡോക്ടർമാർ 'കാൻസർ രോഗം, കുറകളിൽനിന്നാണുണ്ടാകുന്നതെന്ന് അഭിപ്രായപ്പെട്ടു. പക്ഷേ, കുറകൾ നമ്മെപ്പോലെ ബുദ്ധിശൂന്യന്മാരല്ലാത്തതുകൊണ്ട് ഇതിനെ കഠിനമായി ആക്ഷേപിച്ചു. അതിന്റെ ഫലമായി അവർ കുറകളെ വിട്ടു. അല്ലായിരുന്നുവെങ്കിൽ എത്രായിരം കുറകളെ ഈ നിർദയന്മാർ കൊല്ലുമായിരുന്നു, എന്ന് ആലോചിക്കുമ്പോൾ ഞാൻ നടുങ്ങുന്നു.'

മുനിസിപ്പാലിറ്റി ഏർപ്പാടിനെ അദ്ധ്യക്ഷൻ സ്തുതിച്ചു. മലബാറിൽ എനിയുമെനിയും മുനിസിപ്പാലിറ്റികൾ വർധിച്ചാൽ തങ്ങൾക്കു വളരെ അഭിവൃദ്ധിയായിരിക്കുമെന്നും, അതുകൊണ്ടു കഴിയുന്നേടത്തോളം മുനിസിപ്പാലിറ്റികളുടെ എണ്ണം അധികമാക്കുവാൻ ശ്രമിക്കേണ്ടതാണെന്ന അദ്ദേഹം സ്ഥാപിച്ചു. അവസാനമായി എല്ലാ സമുദായാംഗങ്ങളും ഉണർന്നു പ്രവർത്തിക്കേണ്ടതാണെന്നും, ഐകമത്യം മഹാബലമാണെന്നും, അരിയെറിഞ്ഞാൽ ആയിരം കാക്കയെന്നും, ഒത്തു പറഞ്ഞാൽ ഉറിയും ചിരിക്കുമെന്നും, കൈ നനയാതെ മീൻപിടിച്ചുകൂടെന്നും, ചെത്തുവഴി വിട്ടാൽ പത്തുവഴിയാണെന്നും, ഇരിക്കുന്നതിനുമുൻപ് കാൽ നീട്ടരുതെന്നും, അരി, കോതമ്പ്, പയർ ഇവ പശയുള്ളവയാണെന്നും, കമ്പിത്തപ്പാൽ കണ്ടുപിടിച്ചതു ശ്യാമുവൽ റൊസ്സറാണെന്നും, വികൃതിക്കുട്ടികൾ നഖം കടിക്കുമെന്നും, വിദ്യാധനം സർവധനാൽ പ്രധാനമാണെന്നും മറ്റുമുള്ള അനേകാവിജ്ഞേയങ്ങളായ പുതിയ പുതിയ ഉപദേശങ്ങൾ സദസ്യർക്കു നല്കി നാലരക്കട്ട ശ്രുതിയിലുള്ള തുടർച്ചയായ മൂളലുകൾക്കിടയിൽ അദ്ധ്യക്ഷൻ സ്വസ്ഥാനത്തെ അലങ്കരിച്ചു,

പിന്നീട് താഴെ ചേർക്കുന്ന പ്രമേയങ്ങൾ അവതരിപ്പിക്കപ്പെട്ടു:

1. മനുഷ്യരുടെ ക്രൗര്യത്തിന്റേയും, ധിക്കാരത്തിന്റേയും ഫലമായി ഇതുവരെ തങ്ങളുടെ ജീവനെ ബലികഴിക്കേണ്ടി വന്നിട്ടുള്ള എല്ലാ കൊതുക്കളുടേയും മരണത്തിൽ ഈ യോഗം അനുശോചിക്കുകയും, പ്രസ്തുത വിഷയത്തിൽ ഈ യോഗത്തിനുള്ള അതിരറ്റ കോപത്തെ രേഖപ്പെടുത്തുകയും, ഇങ്ങനെ രേഖപ്പെടുത്തിയതിനെ ഇന്ത്യാസ്റ്റേറ്റ് സിക്രട്ടറി, വൈസ്രോയി, ഗവർണർ, കലക്ടർ, താസിൽദാർ, അംശം അധികാരി, കോൽക്കാരൻ —ഇവരെ അറിയിക്കുവാൻ ഭാരവാഹികളെ അധികാരപ്പെടുത്തുകയും ചെയ്യുന്നു.

   എല്ലാ കൊതുക്കളും ഉയരത്തിൽ പറന്നുകൊണ്ട് ഈ പ്രമേയം സർവസമ്മതമായി പാസ്സാക്കപ്പെട്ടു.

2. മലമ്പനിക്കു കാരണം കൊതുക്കളാണെന്നുള്ള വ്യാജവാർത്ത പറയുകയും, ആളുകളെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്ന ഡോക്ടർമാരുടെയും, എഴുത്തുകാരുടെയും നേരേ ഈ യോഗത്തിനുള്ള അതൃപ്തി റിക്കാർഡാക്കുകയും, മേല്പറഞ്ഞ തരത്തിലുള്ള വ്യാജപ്രസ്താവങ്ങൾ ചക്രവർത്തിതിരുമനസ്സിലെ പ്രജകളുടെ ഇടയിൽ അന്യോന്യവൈരവും വിദ്വേഷവും ഉണ്ടാക്കിത്തീർക്കുവാൻ പര്യാപ്തമായതിനാൽ, അവയടങ്ങിയ ഉപന്യാസങ്ങളോ, പുസ്തകങ്ങളോ, എഴുതുകയോ അച്ചടിക്കുകയോ, പ്രസിദ്ധപ്പെടുത്തുകയോ, വില്ക്കുകയോ, വാങ്ങുകയോ, വായിച്ചു കേൾക്കുകയോ, കേൾപ്പിക്കുകയോ, മറ്റു വിധത്തിൽ ഈ വാർത്തയെ പരത്തുകയോ പരത്തുവാൻ സഹായിക്കുകയോ അതിനായി ശ്രമിക്കുകയോ ചെയ്യുന്നതു കുറ്റകരമാണെന്ന് ഒരു നിയമം ഉണ്ടാക്കുവാൻ ബോബിലി രാജാവോട് ഈ യോഗം അപേക്ഷിക്കുകയും ചെയ്യുന്നു.

ഈ രണ്ടു പ്രമേയങ്ങളും അദ്ധ്യക്ഷനാണ് അവതരിപ്പിച്ചത്. രണ്ടാമത്തേതും സർവസമ്മതമായി പാസ്സാക്കപ്പെട്ടു.

ഒരു പ്രമേയത്തെപ്പറ്റി കുറെ വാദപ്രതിവാദം നടന്നു. പ്രമേയം ഇതായിരുന്നു; 'നമ്മുടെ വംശവിച്ഛേദം ചെയ്യുവാനും, നമ്മെ പലവിധത്തിലും ദ്രോഹിക്കുവാനും, നമ്മെപ്പറ്റി വ്യാജവാർത്തകൾ പരത്തുവാനും സദാബദ്ധശ്രദ്ധന്മാരായി നില്ക്കുന്ന മുനിസിപ്പാൽ ഹെൽത്താപ്പീസർമാർ, സാനിട്ടറി ഇൻസ്പെക്ടർമാർ, ആരോഗ്യവാരക്കൊണ്ടാട്ടക്കാർ, മായാദീപപ്രദർശനക്കാർ, ഡോക്ടർമാർ എന്നീ വർഗക്കാരെക്കുറിച്ച് ഈ യോഗത്തിനുള്ള പുച്ഛവും, വൈരവും രേഖപ്പെടുത്തുകയും ഇവരുടെ പേരിൽ അപകീർത്തി പരത്തുക, കൂട്ടക്കൊല ചെയ്യുവാൻ പ്രേരിപ്പിക്കുക എന്നീ കുറ്റങ്ങൾ ചുമത്തി ഇവരെ പ്രോസിക്യൂട്ട് ചെയ്യുവാൻ ഗവർമ്മേണ്ടോടപേക്ഷിക്കുകയും ചെയ്യുന്നു.'

ഈ പ്രമേയം മി. വെൺകൊതു 'മാനന്തവാടി' അവതരിപ്പിക്കുകയും മി. വങ്കൊതു 'വൈത്തിരി' പിൻതാങ്ങുകയും ചെയ്തു.

പക്ഷേ, ഇതിനെ മി. പുലിക്കൊതു 'തലശ്ശേരി' എതിർത്തു. അദ്ദേഹം ഇങ്ങനെ പറഞ്ഞു:

'മാന്യരേ, ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. എല്ലാ ഹെൽത്താപ്പീസർമാരേയും സാനിട്ടറി ഇൻസ്പെക്ടർമാരേയും കൂട്ടടക്കി അധിക്ഷേപിക്കുന്നതു തെറ്റാണ്. നമ്മുടെ നേരെ യാതൊരു വൈരവുമില്ലാത്ത ഒന്നാന്തരം ഹെൽത്താപ്പീസർമാർ പലരുമുണ്ട്. ചിലരുടെ തെറ്റിനു പലരേയും അധിക്ഷേപിക്കുകയോ? ഇതെന്തു മര്യാദയാണ്? തങ്ങളുടെ ബന്ധുകളേയും ശത്രുക്കളേയും തിരിച്ചറിയുവാൻ സാധിക്കാത്തവരാണ കൊതുക്കൾ എന്നുള്ള അപഖ്യാതിക്ക് ഒരിക്കലും ഇടംകൊടുക്കരുത്. തലശ്ശേരി രണ്ടാം ഗയ്റ്റിനു സമീപമുള്ള ഇടവഴിയിലാണു ഞാൻ സകുടുംബം താമസിക്കുന്നത്. എന്റെ കുടുംബത്തിൽ ഞാനുൾപ്പടെ 2,766 മെമ്പർമാരുണ്ട്. ഞങ്ങൾ നിർബാധം ജീവിച്ചുപോരുവാനുള്ള എല്ലാ ഏർപ്പാടുകളും അവിടെയുണ്ട്. ഞങ്ങൾക്കെതിരായി കുറച്ചുമുൻപ് അയക്കപ്പെട്ടിരുന്ന ഹർജികൾകൂടി വെറുതെ പോവുകയാണുണ്ടായത്. ഈ പ്രമേയത്തെ ഭേദപ്പെടുത്തേണ്ടതാണ്.'

മെസേഴ്സ്; കരിങ്കൊതു (കുരിയാൽ ഇടവഴി, കോഴിക്കോട്) കൊമ്പൻ കൊതു (ഷാജിഹാൻ ഹാളിനു സമീപം, കോഴിക്കോട്) വമ്പൻകൊതു (കാംഭജാർ, കണ്ണൂർ) നരിക്കൊതു (താരക്കാട്ട് പാടം, പാലക്കാട്ട്) ശ്രീമതി സൂചീമുഖി (ഗേൾസ് സ്കൂൾ വളപ്പ്, ചാലപ്പുറം) എന്നിവർ മി. പുലിക്കൊതുവെ പിൻതാങ്ങി, പ്രമേയത്തെ എതിർത്തുകൊണ്ട് ഓരോ ഭാഷണം ചെയ്തു. ഇതിനെക്കുറിച്ചു ഹാളിൽ വലിയ കശപിശയായി.

ഒടുവിൽ മി. ജഗജില്ലിക്കൊതു (മാർക്കറ്റ്, കോഴിക്കോട്) ഇങ്ങനെ പറഞ്ഞു: 'മാന്യരേ, ഈ ലഹളയുടെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല, തലശ്ശേരിയിലെ പ്രതിനിധിയായ മാന്യൻ പ്രമേയത്തിലെ വാചകം നല്ലവണ്ണം പരിശോധിക്കാതെയാണ് അതിനെ എതിർത്തതെന്നു തോന്നുന്നു. 'നമ്മുടെ വംശവിച്ഛേദം ചെയ്യുവാനും... ദ്രോഹിക്കുവാനും... സദാ ബദ്ധശ്രദ്ധരായി നിൽക്കുന്ന ഹെൽത്താപ്പീസർമാർ...' എന്നു പറഞ്ഞാൽ എല്ലാവരും ബദ്ധശ്രദ്ധരായി നില്ക്കുന്നുണ്ടെന്നർത്ഥമില്ല. അങ്ങനെ നില്ക്കുന്നവരെ മാത്രമേ പ്രമേയം അധിക്ഷേപിക്കുന്നുള്ളൂ. മറ്റുള്ള മാന്യന്മാരെ നമുക്ക് എപ്പോഴും ബഹുമാനമാണ്. അവർക്ക് ഇക്കാര്യത്തിൽ മുഷിയേണ്ടുന്ന ആവശ്യമില്ല; അവർ മുഷിയുമെന്നും തോന്നുന്നില്ല. ഈ പ്രമേയം ഭേദഗതിയില്ലാതെ പാസ്സാക്കാമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.'

**മി. പുലിക്കൊതു:** എന്നാൽ, നമ്മുടെ ബന്ധുക്കളായ ഉദ്യോഗസ്ഥന്മാർക്കു പ്രത്യേകിച്ചു നന്ദിപറഞ്ഞുകൊണ്ടുള്ള ഒരു പ്രമേയം അവതരിപ്പിക്കുവാൻ എന്നെ അനുവദിക്കേണ്ടതാണ്.

**അദ്ധ്യക്ഷൻ:** വിരോധമില്ല.

മി, വെൺകൊതുവിന്റെ പ്രമേയം വോട്ടിനിട്ടതിൽ സർവസമ്മതമായി പാസാക്കി. കൊതുക്കളുടെ ബന്ധുക്കളായ എല്ലാ മുനിസിപ്പാലുദ്യോഗസ്ഥന്മാർക്കും നന്ദി പറഞ്ഞുകൊണ്ടുള്ള ഒരു പ്രമേയം അനന്തരം മി. പുലിക്കൊതു അവതരിപ്പിച്ചു. അതും സ. സ. പാ.

ഇതിനെത്തുടർന്നുകൊണ്ടു കൊതുവല, ഫ്ളിറ്റ്, ഫെൽടോക്സ് മുതലായ ഉപകരണങ്ങളേയും. നശീകരണദ്രാവകങ്ങളേയും കണ്ടുപിടിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നവരുടെ നീചമനഃസ്ഥിതിയെ ആക്ഷേപിച്ചും, ഇരുട്ടിൽ കിടന്നുറങ്ങുന്നവരേയും, ചകലാസുകൾ പുതച്ചവരേയും കടിപ്പാൻ സഹായിക്കേണ്ടതിലേക്ക് മിന്നാമിനുങ്ങുകൾക്ക് അനാവശ്യമായി അനുവദിക്കപ്പെട്ടതുപോലെയുള്ള ഓരോ റാന്തൽവെളിച്ചം ഓരോ കൊതുവിനും അനുവദിച്ചുകൊടുപ്പാൻ പ്രകൃതിമാതാവോട് അപേക്ഷിച്ചും, അതിനുള്ള ചെലവു വേണമെങ്കിൽ തങ്ങൾ വഹിക്കാമെന്നു സമ്മതിച്ചും കോഴിക്കോട്ടുള്ള കൊതുക്കളുടെ ഇടയിൽ സന്താനനിയന്ത്രണം ആവശ്യമാണെന്നു കാണിച്ചും, പട്ടിണിയിട്ടു മരിക്കാറായാലും രോഗികളേയും മുനിസിപ്പാലധികൃതന്മാരെയും ആരും കടിച്ചുപോകരുതെന്ന് അഭ്യർഥിച്ചും കൊണ്ടുമുള്ള പ്രമേയങ്ങൾ സ. സ. പാ.

അപ്പോഴേക്കും തലക്കോഴി കൂകിയിരിക്കുന്നു. കൃതജ്ഞതാപ്രകടനാവസരത്തിൽ മി. ചെങ്കൊതു ഇങ്ങനെ പറഞ്ഞു: 'മാന്യരേ, നമ്മൾ വേഗം പിരിയണം. നേരം പുലർന്നാൽ നമുക്കു പട്ടിണിയാണ്. ഇന്നു രാത്രി കൊതുക്കളുടെ ശല്യമില്ലെന്നു കരുതി ഈ ദിക്കുകാർ കൊതുവല താഴ്ത്താതെയും, ആകെ മൂടിപ്പുതക്കാതെയും ഉറങ്ങുന്നുണ്ടായിരിക്കും. ഇതാണ് അവസരം! അന്യസ്ഥലങ്ങളിൽനിന്നു വന്നുചേർന്ന നമ്മുടെ മാന്യാതിഥികളെ എന്റെ കൂടെ വരുവാൻ ക്ഷണിക്കുന്നു...' (നീണ്ട മൂളലുകളും ആർപ്പുവിളികളും.)

യോഗം പിരിഞ്ഞതോടുകൂടി പ്രസ് ഗ്യാലറിയിലെ ഏകറിപ്പോർട്ടറായ സഞ്ജയന്റെ നേരേ മുൻസിപ്പാൽനിരത്തിലെ പൊടിപടലംപോലെ ഒരുവൻ കൊതുസംഘം ഘോരാരവത്തോടുകൂടി അടുക്കുന്നതു കണ്ടു സഞ്ജയൻ റിപ്പോർട്ടുമെടുത്തു മെയിൽസ്പീഡിൽ ഓടി കൊതുവലയ്ക്കുള്ളിൽ വന്നൊളിച്ചു.

26-12-1934

□

## സഞ്ജയൻ



പ്രശസ്തനായ ഒരു മലയാള സാഹിത്യകാരനാണ് സഞ്ജയൻ. സഞ്ജയൻ എന്നത് തൂലികാനാമമാണ്, യഥാർത്ഥനാമം മാണിക്കോത്ത് രാമുണ്ണിനായർ (എം. ആർ. നായർ) എന്നാണ്. (ജനനം: 1903 ജൂൺ 13 – മരണം: 1943 സെപ്റ്റംബർ 13). തലശ്ശേരിക്കടുത്ത് 1903 ജൂൺ 13-നു ജനിച്ചു. തന്റെ കൃതികളിൽ സഞ്ജയൻ, പാറപ്പുറത്തു സഞ്ജയൻ, പി. എസ്. എന്നിങ്ങനെ പലപേരിലും അദ്ദേഹം സ്വയം പരിചയപ്പെടുത്തുന്നുണ്ട്.

## കുടുംബം

1903 ജൂൺ 13-നു തലശ്ശേരിക്കടുത്ത് ഒതയോത്ത് തറവാട്ടിൽ മാടാവിൽ കുഞ്ഞിരാമൻ വൈദ്യരുടെയും പാറുവമ്മയുടെയും മകനായാണ് സഞ്ജയൻ ജനിച്ചത്. പിതാവ് തലശ്ശേരി ബാസൽ മിഷൻ ഹൈസ്കൂളിൽ മലയാളപണ്ഡിതനായിരുന്നു. കടത്തനാട്ടു രാജാവ് കല്പിച്ചുകൊടുത്ത സ്ഥാനപ്പേരായിരുന്നു വൈദ്യർ എന്നത്. കവിയും ഫലിതമർമ്മജ്ഞനും സംഭാഷണചതുരനുമായിരുന്ന കുഞ്ഞിരാമൻ വൈദ്യർ 42-ാം വയസ്സിൽ മരിച്ചുപോയി. അച്ഛന്റെ കാലശേഷം രാവുണ്ണിയും സഹോദരങ്ങളും മാടാവ് വിട്ട് ഒതയോത്തേക്കു തിരിച്ചുപോന്നു.

വൈദ്യരുടെ രണ്ടാമത്തെ പുത്രനായിരുന്നു രാമുണ്ണി. രണ്ടു വയസ്സിനു മൂപ്പുള്ള, മൂത്തമകൻ കരുണാകരൻ നായർ റവന്യൂ വകുപ്പിൽ തഹസീൽദാരായിരുന്നു. നല്ല കവിതാവാസനയുണ്ടായിരുന്ന കരുണാകരൻ നായർ രാമുണ്ണി നായർ മരിക്കുന്നതിന് ഒന്നര വർഷം മുമ്പേ മരിച്ചുപോയി.

എം. ആറിന്റെ ഇളയ സഹോദരിയായിരുന്നു പാർവ്വതി എന്ന പാറുക്കുട്ടി. എം. ആറിനു വളരെയധികം വാത്സല്യമുണ്ടായിരുന്ന അനുജത്തിയെ പി. കുട്ടി എന്നായിരുന്നു അദ്ദേഹം വിളിച്ചിരുന്നത്. കോഴിക്കോട്ടു സാമൂതിരി ഹൈസ്കൂൾ ഹെഡ് മാസ്റ്ററായിരുന്ന പി. കുഞ്ഞിരാമൻ നായരായിരുന്നു പാറുക്കുട്ടിയുടെ ഭർത്താവ്.

വൈദ്യരുടെ അകാലചരമത്തിനുശേഷം ഏറെ വർഷങ്ങൾ കഴിഞ്ഞപ്പോൾ, വേണ്ടപ്പെട്ടവരുടെ നിർബന്ധത്തിനു വഴങ്ങി സഞ്ജയന്റെ അമ്മ, പിണറായി പുതിയ വീട്ടിൽ ഡോ. ശങ്കരൻ നായരെ പുനർവിവാഹം ചെയ്തു. ഇങ്ങനെ കുഞ്ഞിശങ്കരൻ, ബാലകൃഷ്ണൻ, ശ്രീധരൻ എന്നീ പേരുകളിൽ മൂന്ന് അനുജന്മാരെക്കൂടി രാമുണ്ണിയ്ക്ക് ലഭിച്ചു.

## വിദ്യാഭ്യാസം

തലശ്ശേരി ബ്രാഞ്ച് സ്കൂൾ, തലശ്ശേരി ബ്രണ്ണൻ കോളേജ്, പാലക്കാട് വിക്ടോറിയാ കോളേജ്, ചെന്നൈ ക്രിസ്ത്യൻ കോളേജ്, തിരുവനന്തപുരം ലോ കോളേജ് എന്നിവിടങ്ങളിലാണ് പഠിച്ചത്. 1919-ൽ പാലക്കാട് വിക്ടോറിയാ കോളേജിൽ അദ്ദേഹം ഇന്റർമീഡിയറ്റിനു ചേർന്നു.

## സാഹിത്യപ്രവർത്തനം

1927-ൽ ലിറ്ററേച്ചർ ഓണേഴ്സ് ജയിച്ച സഞ്ജയൻ 1936-ലാണ് പ്രശസ്തമായ "സഞ്ജയൻ" എന്ന ഹാസ്യസാഹിത്യമാസിക ആരംഭിക്കുന്നത്. 1938 മുതൽ 1942 വരെ മലബാർ ക്രിസ്ത്യൻ കോളേജിൽ അദ്ധ്യാപകനായിരുന്ന കാലത്താണ് വിശ്വരൂപം എന്ന ഹാസ്യസാഹിത്യമാസിക പ്രസിദ്ധീകരിക്കുന്നത്. 1935 മുതൽ 1942 വരെ കോഴിക്കോട് കേരളപത്രികയുടെ പത്രാധിപനായിരുന്ന സഞ്ജയന്റെ പ്രധാനകൃതികൾ സാഹിത്യനികഷം (രണ്ട് ഭാഗങ്ങൾ), സഞ്ജയൻ (ആറ് ഭാഗങ്ങൾ), ഹാസ്യാഞ്ജലി, ഒഥല്ലോ (വിവർത്തനം) തുടങ്ങിയവയാണ്. അദ്ദേഹത്തിന്റെ സഞ്ജയോപഖ്യാനമെന്ന കവിതയും പ്രസിദ്ധമാണ്. കുഞ്ചൻ നമ്പ്യാർക്കു ശേഷമുള്ള മലയാളത്തിലെ വലിയ ഹാസ്യസാമ്രാട്ടായിട്ടാണ് സഞ്ജയൻ അറിയപ്പെടുന്നത്. കവി, പത്രപ്രവർത്തകൻ, നിരൂപകൻ, തത്ത്വചിന്തകൻ, ഹാസ്യപ്രതിഭ എന്നീ നിലകളിൽ പ്രശസ്തനായിരുന്നു. പരിഹാസപ്പുപ്പനിനീർച്ചെടിക്കെടോ ചിരിയത്രേ പുഷ്പം, ശകാരം മുള്ളു താൻ എന്ന അഭിപ്രായക്കാരനായിരുന്നു അദ്ദേഹം.

## മരണം

1943 സെപ്റ്റംബർ 13-നു കുടുംബസഹജമായിരുന്ന ക്ഷയരോഗം മൂർച്ഛിച്ച് അന്തരിച്ചു.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.